# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 16 | 2018 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

### മല കയറുമ്പോൾ ശ്രദ്ധിക്കുക;
### സുഗമമായ മലകയറ്റത്തിന് ഇവ പാലിക്കാം

പമ്പയിലെത്തിയശേഷം അനായാസം മലകയറാം അൽപ്പം ശ്രദ്ധിച്ചാൽ. ആയുർവേദചര്യപ്രകാരം ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ കയറ്റത്തിലും ഇറക്കത്തിലും ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കാം. വയറുനിറച്ച് ഭക്ഷണം കഴിച്ചിട്ട് മലകയററുത്. എപ്പോഴും പാതി വയർ ഒഴിച്ചിട്ടിരിക്കണം. വിശപ്പ് തോന്നുമ്പോൾ അൽപ്പം ഭക്ഷണം കഴിക്കുക.

ദാഹമകറ്റാൻ വയർ നിറയെ വെള്ളം കുടിച്ചശേഷം മലകയററുത്. ദാഹമകറ്റാൻ അൽപ്പം മാത്രം വെള്ളം കുടിക്കുക. ദാഹിക്കുമ്പോൾ വീണ്ടും അൽപ്പം വെള്ളം കുടിക്കുക. വയർനിറയെ ഭക്ഷണമോ വെള്ളമോ ആയി മലകയറിയാൽ കൊളുത്തിപ്പിടുത്തം ഉണ്ടായേക്കാം. ഒറ്റ ശ്രമത്തിൽ ദീർഘനേരം നടക്കുന്നതിനുപകരം ഇടയ്ക്ക് മതിയായ രീതിയിൽ വിശ്രമിക്കുക. മസിൽ പെയിൻ ഉണ്ടാകാൻ സാധ്യതയുള്ളവർ അൽപ്പം മുറിവെണ്ണ തേച്ചശേഷം നടക്കാൻ തുടങ്ങുക. ശ്വാസതടസമോ, നെഞ്ചു വേദനയോ അനുഭവപ്പെട്ടാൽ വേഗം അടുത്തുള്ള വൈദ്യ സഹായ കേന്ദ്രത്തെ സമീപിക്കണം. പ്രായമായവരും ആരോഗ്യപ്രശ്നങ്ങളും ഉള്ളവരുണ്ടെങ്കിൽ സംഘമായി മലകയറുന്നതാണ് ഉചിതം. ***(പി.ആർ. ശബരി-10)***

### ശബരിമലയിൽ കനത്ത മഴ

ശബരിമലയിലും പരിസര പ്രദേശങ്ങളിലും കനത്ത മഴ. വെള്ളിയാഴ്ച പുലർച്ചെ തുടങ്ങിയ ചാറ്റൽ മഴ രാവിലെ പത്തോടെ ശക്തിയാർജിച്ചു. മഴ പെയ്തതോടെ സന്നിധാനത്തെ പൊടി ശല്യത്തിനും ശമനമായി. നിർമാണ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നതിനെ തുടർന്ന് മണ്ണ് ഇളകിയതു മൂലമുണ്ടായ പൊടി കാറ്റടിക്കുമ്പോൾ പറക്കുന്ന സ്ഥിതിയുണ്ടായിരുന്നു. മഴ പെയ്തതോടെ പൊടി ശല്യം അവസാനിച്ചിരിക്കുകയാണ്. സാധാരണ പൊടി ശല്യം രൂക്ഷമാകുമ്പോൾ ഫയർഫോഴ്സാണ് വെള്ളം സ്പ്രേ ചെയ്

ത് പ്രശ്ന പരിഹാരം കാണുന്നത്. ***(പി.ആര്‍. ശബരി-11)***

### സന്നിധാനത്ത് പോലീസ് സേനയുടെ ആദ്യ ബാച്ച് ചുമതലയേറ്റു

## ശരിയായ ജോലി അനുഷ്ഠിക്കലാണ് യഥാര്‍ഥ ഭക്തി: ഐ.ജി. വിജയ് സാക്കറെ

സുരക്ഷ ഉറപ്പുവരുത്തുകയാണ് ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ശരിയായ അയ്യപ്പഭക്തിയെന്ന് സന്നിധാനത്തെ പോലീസ് സേനയുടെ ചുമതലയുള്ള ഐ.ജി. വിജയ് സാക്കറെ പറഞ്ഞു. മണ്ഡലകാലത്തെ ആദ്യഘട്ട സുരക്ഷാചുമതലയേറ്റ പോലീസ് സേനാംഗങ്ങളെ അഭിസംബോധന ചെയ്ത് സന്നിധാനത്തെ ശാസ്താ ഓഡിറ്റോറിയത്തില്‍ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏഴുദിവസം നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളതിനാല്‍ നട അടച്ചശേഷം ആരേയും സന്നിധാനത്തും പരിസരപ്രദേശങ്ങളിലും തങ്ങാന്‍ അനുവദിക്കരുതെന്ന ഡിജിപിയുടെ നിര്‍ദേശം കര്‍ശനമായി പാലിക്കണമെന്നും വിജയ് സാക്കറെ പറഞ്ഞു. സോപാനം ഒഴികെയുള്ള എല്ലാ സ്ഥലങ്ങളിലും യൂണിഫോമില്‍ തന്നെ എല്ലാവരും ഡ്യൂട്ടി ചെയ്യണമെന്ന് സ്പെഷ്യല്‍ ഓഫീസര്‍ ചുമതലയുള്ള മലപ്പുറം എസ്പി പ്രദീഷ്കുമാര്‍ പറഞ്ഞു.

എറണാകുളം റെയ്ഞ്ച് ഐജി വിജയ് സാക്കറെയാണ് സന്നിധാനത്തെ ലോ ആന്റ് ഓര്‍ഡര്‍, ക്രൗഡ് മാനേജ്മെന്റ് ചുമതലകള്‍ക്ക് നേതൃത്വം നല്‍കുന്നത്. മണ്ഡലകാലത്ത് സന്നിധാനത്ത് പഴുതടച്ച സുരക്ഷയാണ് പോലീസ് ഒരുക്കിയിരിക്കുന്നത്. ഐജി വിജയ് സാക്കറെയുടെ കീഴില്‍ എസ്പിമാരായ ശിവവിക്രം, കെ.എസ്. സുദര്‍ശനന്‍, പ്രദീഷ്കുമാര്‍ എന്നിവര്‍ക്കാണ് സന്നിധാനത്തെ സ്പെഷ്യല്‍ ഓഫീസര്‍ ചുമതല നല്‍കിയിട്ടുള്ളത്. സന്നിധാനത്തിന്റെ സുരക്ഷയ്ക്ക് മൂന്ന് സ്പെഷ്യല്‍ ഓഫീസര്‍മാരുടെ കീഴില്‍ 15 ഡി.വൈ.എസ്.പിമാര്‍, 30 സി.ഐമാര്‍, 100 എസ്.ഐമാര്‍, 1350 സിവില്‍പോലീസ് ഓഫീസര്‍മാര്‍ എന്നിവരെയാണ് നവംബര്‍ 30 വരെയുള്ള ആദ്യഘട്ടത്തില്‍ നിയോഗിച്ചിട്ടുള്ളത്. ***(പി.ആര്‍. ശബരി-12)***




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 16 | 2018 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### ശബരിമല തീർഥാടകർക്കുള്ള പാസ് കാലതാമസം കൂടാതെ നൽകാൻ നിർദേശം

ശബരിമല തീർഥാടകർ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് പോലീസ് പാസ് നൽകുന്നതു സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു. പാസ് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പെട്ടെന്നു തന്നെ പരിഗണിക്കുകയും കാലതാമസം കൂടാതെ പാസ് നൽകുകയും വേണം. ഇതിനായി പോലീസ് സ്റ്റേഷനുകളിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം. പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് പാസ് ഒപ്പിട്ട് നൽകാവുന്നതാണ്. വളരെ വ്യക്തമായ കാരണങ്ങളില്ലാതെ പാസിനുള്ള അപേക്ഷ നിരസിക്കപ്പെടുന്നില്ലെന്ന് എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും ഉറപ്പുവരുത്തണം. സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ഇല്ലെന്ന കാരണത്താൽ ഒരു കാരണവശാലും അപേക്ഷകരെ പാസ് നൽകാതെ മടക്കി അയയ്ക്കാൻ പാടില്ല. ഈ നിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി നിർദേശം നൽകിയിട്ടുണ്ട്.

*(പി.ആർ. ശബരി-13)*



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 16 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### ശബരിമല തീർഥാടനം:
### എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ പ്രവർത്തനം തീർഥാടക സൗഹൃദമാക്കും - ജില്ലാ കളക്ടർ

ശബരിമല മണ്ഡലമകരവിളക്ക് തീർഥാടനത്തിന്റെ സുഗമമായ നടത്തിപ്പിനായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ദുരന്തനിവാരണ വിഭാഗം ആരംഭിച്ചിട്ടുള്ള എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ പ്രവർത്തനം തീർഥാടക സൗഹൃദമായ രീതിയിലാക്കുമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ഒരുക്കങ്ങളുടെ അന്തിമ വിലയിരുത്തലിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന വിവിധ വകുപ്പ് മേധാവികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. പോലീസ്, ഫോറസ്റ്റ്, ഫയർഫോഴ്സ്, റവന്യു, ദേവസ്വം ബോർഡ്, ആരോഗ്യവകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരുടെ സംഘമായിരിക്കും എമർജൻസി ഓപ്പറേഷൻ സെന്ററുകളിലുണ്ടാവുക. ഡെപ്യൂട്ടി കളക്ടർമാരുടെ ചുമതലയിലാണ് ഇതിന്റെ പ്രവർത്തനം. പ്രളയത്തിന്റെയും സുപ്രീംകോടതിയുടെ ഉത്തരവിന്റെയും വെളിച്ചത്തിൽ വെല്ലുവിളികൾ നിറഞ്ഞ ഒരു തീർഥാടന കാലമാണ് മുന്നിലുള്ളത് എന്ന യാഥാർഥ്യം എല്ലാ ഉദ്യോഗസ്ഥരും ഉൾക്കൊള്ളണം. ദുരന്തനിവാരണമാണ് ഇഒസികളുടെ പ്രധാന ചുമതലയെങ്കിലും തീർഥാടകർക്ക് സഹായകരമായ രീതിയിലുള്ള എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്ന രീതിയിലാണ് ഇവ സജ്ജമാക്കിയിട്ടുള്ളത്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന്റെ ചുമതല ഇഒസികൾക്കാണ്. ഓരോ സ്ഥലത്തും ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ഇഒസികളിലെത്തി അവരുടെ ഫോൺ നമ്പരും മറ്റ് വിവരങ്ങളും അറിയിച്ച ശേഷമേ ജോലിയിൽ പ്രവേശിക്കാവൂ. ഉദ്യോഗസ്ഥർ മാറുമ്പോൾ പുതുതായി എത്തുന്ന ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ ബന്ധപ്പെട്ട ഇഒസികളിൽ അറിയിക്കണം. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ജില്ലാതല ഉദ്യോഗസ്ഥരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പ്രത്യേക വാട്സ്അപ് ഗ്രൂപ്പ് ഉണ്ടാക്കി വിവരങ്ങൾ അപ്പപ്പോൾ

കൈമാറും. ഫീൽഡിൽ നടക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ വിവരങ്ങൾ വാട്സ്ആപ് ഗ്രൂപ്പിൽ അറിയിക്കണം. ഇതിലൂടെ ജില്ലാതല ഉദ്യോഗസ്ഥർക്ക് അടിയന്തര ഇടപെടൽ ആവശ്യമായ വിവരങ്ങൾ അറിയാനും സത്വര നടപടികൾ സ്വീകരിക്കാനും കഴിയും. പരാതികൾ ലഭിച്ചാൽ അതിൻമേൽ തുടർനടപടികൾ സ്വീകരിച്ച് ആ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉടൻ അറിയിക്കാൻ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ഉദ്യേഗസ്ഥർക്ക് ബാധ്യതയുണ്ട്. ഇക്കാര്യത്തിൽ അലംഭാവം കാട്ടുന്നത് ഗൗരവതരമായി കാണും.

ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സന്നിധാനം, നിലയ്ക്കൽ, പമ്പ, പെരുനാട്, പത്തനംതിട്ട എന്നീ അഞ്ച് ആശുപത്രികളിലേക്ക് കൂടുതലായി ആവശ്യമായുള്ള ജീവനക്കാരുടെ വിന്യാസം പൂർത്തിയാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. എല്ലാ ആശുപത്രികളിലും അധികമായി ആവശ്യമുള്ള മരുന്നുകളും എത്തിച്ചിട്ടുണ്ട്. 18 ആംബുലൻസുകൾ ആരോഗ്യ വകുപ്പ് പമ്പയിലും നിലയ്ക്കലുമായി സജ്ജീകരിച്ചിട്ടുണ്ട്. സന്നിധാനത്തുനിന്ന് അടിയന്തര ഘട്ടങ്ങളിൽ തീർഥാടകരെ പമ്പയിലെത്തിക്കുന്നതിന് ദേവസ്വം ബോർഡിന്റെയും വനം വകുപ്പിന്റെയും ഉടമസ്ഥതയിലുള്ള രണ്ട് ഓഫ്റോഡ് ആംബുലൻസുകൾ സന്നിധാനത്ത് സജ്ജമായിട്ടുണ്ട്. മൂന്ന് കാർഡിയോളജിസ്റ്റുകളെ സന്നിധാനം, അപ്പാച്ചിമേട്, പമ്പ എന്നിവിടങ്ങളിലായി നിയോഗിച്ചിട്ടുണ്ട്.

ശബരിമലയിലെയും പ്രധാന ഇടത്താവളങ്ങളിലെയും ശുചീകരണത്തിനായി 1000 വിശുദ്ധിസേനാംഗങ്ങളെയാണ് ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ ചുമതലയിൽ തമിഴ്നാട് അയ്യപ്പസേവാസംഘത്തിന്റെ ചുമതലയിൽ എത്തിച്ചിട്ടുള്ളത്. ഇവരിൽ 305 പേർ സന്നിധാനത്തും 310 പേർ പമ്പയിലും 350 പേർ നിലയ്ക്കലും 25 പേർ പന്തളത്തും 10 പേർ കുളനടയിലുമാണ് ശുചീകരണ പ്രവർത്തനങ്ങളിലേർപ്പെടുക.

വനം വകുപ്പ് കാനന പാതയിലുണ്ടായിരുന്ന അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റി. വന്യമൃഗ ശല്യം ഒഴിവാക്കുന്നതിനായി ഏഴ് പേർ വീതമുള്ള രണ്ട് എലിഫന്റ് സ്ക്വാഡുകളെ പമ്പയിലും പ്ലാപ്പള്ളിയിലുമായി നിയോഗിച്ചിട്ടുണ്ട്. ളാഹ രാജാംപാറ ഫോറസ്റ്റ് സ്റ്റേഷനിൽ ഒരു എമർജൻസി റസ്പോൺസ് ടീമിനെയും സജ്ജമാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ മരം മുറിച്ചുമാറ്റുക, വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണ ഭീഷണി തടയുക തുടങ്ങിയ ചുമതലകളാണ് എമർജൻസി റസ്പോൺസ് ടീമിനുള്ളത്. പ്ലാസ്റ്റിക് വിരുദ്ധ സന്ദേശങ്ങൾ തീർഥാടകരിലേക്ക് എത്തിക്കുന്നതിന് കണമല, രാജാമ്പാറ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് എക്സ്ചേഞ്ച് കൗണ്ടറുകൾ സ്ഥാപിക്കും.

മോട്ടോർ വാഹന വകുപ്പ് 400 കിലോമീറ്റർ തീർഥാടന പാതകൾ സേഫ് സോണായി പരിഗണിച്ച് പ്രത്യേക നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തി. കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ ശബരിമല റോഡുകളാണ് സേഫ്സോണിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 21 മൊബൈൽ സ്ക്വാഡുകളാണ് അപകടരഹിത യാത്ര ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് വിന്യസിച്ചിട്ടുള്ളത്. വിവിധ വാഹന നിർമാണ കമ്പനികളുടെ റിക്കവറി വാനുകളുൾപ്പെടെ വിപുലമായ സംവിധാനങ്ങളോടെയാണ് സേഫ്സോൺ സംവിധാനം നടപ്പാക്കുന്നത്. അപകടങ്ങൾ ഉണ്ടായാൽ ഉടൻ സഹായമെത്തിക്കുന്നതിന് കഴിയുന്നരീതിയിലാണ് സേഫ്സോൺ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. ളാഹ, കണമല എന്നിവിടങ്ങളിൽ വാഹന ഡ്രൈവർമാർക്ക് ചുക്കുകാപ്പി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡ്രൈവർമാർ ഉറങ്ങുന്നതുമൂലം വാഹനാപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഉണ്ടാകുന്നത് ഒഴിവാക്കാനാണിത്.

പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ ലഹരിവ്യാപനം തടയുന്നതിനായി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചു. ഈ പ്രദേശങ്ങളിൽ ലഹരി നിരോധിച്ച് ഉത്തരവായിട്ടുണ്ട്. ഇടത്താവളങ്ങളായ പന്തളം, ആറന്മുള എന്നിവിടങ്ങളിൽ എക്സൈസിന്റെ ഔട്ട് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വിമുക്തി പദ്ധതിയുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ലഹരിവിമുക്ത സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ലിഫ്ലെറ്റുകളുടെ വിതരണവും നടക്കും.

പ്രളയത്തെത്തുടർന്ന് തീർഥാടകരെത്തുന്ന വിവിധ കുളിക്കടവുകളിൽ

അപകടകരമായ സ്ഥിതിയുള്ളതിനാൽ കൂടുതൽ സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ബാരിക്കേഡുകൾ നിർമിക്കുകയും ചെയ്യണമെന്ന് യോഗത്തിൽ പങ്കെടുത്ത വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ അടിയന്തരമായി സുരക്ഷാ പരിശോധന നടത്തി എല്ലാ കുളിക്കടവുകളിലും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ ജില്ലാ കളക്ടർ മേജർ ഇറിഗേഷൻ വകുപ്പിന് നിർദേശം നൽകി.

ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. നിലയ്ക്കലിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബും സജ്ജമാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് മിക്ക റോഡുകളുടെയും നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതായി അറിയിച്ചു. അടൂർ-പത്തനംതിട്ട, പെരുനാട്-പെരുന്തേനരുവി എന്നീ റോഡുകളുടെ നിർമാണ പ്രവർത്തനങ്ങൾ രണ്ട് ദിവസത്തിനകം പൂർത്തിയാക്കും. ചേത്തോങ്കര-അത്തിക്കയം റോഡിന്റെ ടെൻഡർ നടപടി പൂർത്തിയായാലുടൻ നിർമാണം ആരംഭിക്കുമെന്നും അധികൃതർ അറിയിച്ചു.

കെഎസ്ആർടിസി പമ്പ-നിലയ്ക്കൽ ചെയിൻ സർവീസിനായി 300 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ മിഷൻഗ്രീൻ ശബരിമലയുടെ ഭാഗമായി വിതരണത്തിനുള്ള തുണിസഞ്ചികൾ തയാറായിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പ് പരിശോധനയ്ക്കായി ജില്ലയിൽ നാല് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. തീർഥാടന പാതയിൽ മൊബൈൽ കവറേജ് ഉറപ്പാക്കുന്നതിനായി ബിഎസ്എൻഎൽ 12 താത്ക്കാലിക ടവറുകൾ സ്ഥാപിച്ചു.

ഫയർഫോഴ്സ് സന്നിധാനത്ത് 66ഉം പമ്പയിൽ 72ഉം നിലയ്ക്കലിൽ 56ഉം ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്. പമ്പയിൽ ഏഴും നിലയ്ക്കലിൽ എട്ടും പ്ലാപ്പള്ളിയിൽ ആറും പന്തളത്ത് മൂന്നും ഫയർ ഫൈറ്റിംഗ് വാഹനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്.

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിനായി സർക്കാർ നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസർ വി.ആർ.പ്രേംകുമാർ, ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശഭരണ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

***(പി.ആർ. ശബരി-14)***

## ശബരിമല: തിരിച്ചറിയൽ കാർഡ് നിർബന്ധം

ശബരിമല തീർഥാടന കാലയളവിൽ വടശേരിക്കര മുതൽ സന്നിധാനം വരെയുള്ള സ്ഥലങ്ങളിലെ കടകളിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മറ്റ് കരാർ ജോലികൾക്കായി എത്തുന്നവർക്കും പോലീസ് നൽകുന്ന തിരിച്ചറിയൽ കാർഡ്, ഹെൽത്ത് കാർഡ് എന്നിവ നിർബന്ധമാക്കി ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു.

***(പി.ആർ. ശബരി-15)***

## ശബരിമല: ഗ്യാസ് സിലിണ്ടറുകളുടെ എണ്ണം അഞ്ചായി നിജപ്പെടുത്തി

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ളാഹ മുതൽ സന്നിധാനം വരെയുള്ള സ്ഥലങ്ങളിലെ കടകളിൽ ഒരേ സമയം സൂക്ഷിക്കാവുന്ന സിലിണ്ടറുകളുടെ എണ്ണം അഞ്ചായി നിജപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവായി. വ്യാപാര സ്ഥാപനങ്ങളിൽ അനുവദനീയമായ എണ്ണത്തിൽ കൂടുതൽ സിലിണ്ടറുകൾ സൂക്ഷിക്കുന്നത് അപകടകരമായതിനാലാണ് നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചത്.

***(പി.ആർ. ശബരി-16)***

**ഫോട്ടോ അടിക്കുറിപ്പ്**

1)ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട അന്തിമ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് സംസാരിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 16 | 2018 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-4


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


### മണ്ഡല പൂജയ്ക്കായി ശബരിമല നട തുറന്നു

മണ്ഡല പൂജ ഉത്സവത്തിന് തുടക്കം കുറിച്ച് ശബരിമല നട ഇന്നലെ വൈകിട്ട് അഞ്ചിന് തുറന്നു. തന്ത്രി കണ്ഠര് രാജീവരുടെ സാന്നിധ്യത്തിൽ നിലവിലെ മേൽശാന്തി എ.വി. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയാണ് നട തുറന്നത്. കോരിച്ചൊരിഞ്ഞ മഴയിൽ ദർശ നത്തിനായി അയ്യപ്പന്മാരുടെ വലിയ നിരയാണ് സന്നിധാനത്ത് എത്തിയത്.

തുടർന്ന് വി.എൻ. വാസുദേവൻ നമ്പൂതിരിയെ സന്നിധാനത്തും എം.എൻ നാരായണൻ നമ്പൂതിരിയെ മാളികപ്പുറത്തും പുതിയ മേൽശാന്തിമാരായി ചുമതലപ്പെടു ത്തുന്ന ചടങ്ങ് നടന്നു.

ഇന്ന് (17) പുതിയ മേൽശാന്തിമാരായിരിക്കും പുലർച്ചെ നട തുറക്കുക. തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ ഡിസംബർ 27ന് നടക്കും. അന്നു രാത്രി 10 ന് നട അടയ്ക്കും. ഡിസംബർ 30 ന് മകരവിളക്ക് ഉത്സവത്തിനായി നട തുറക്കും. ജനുവരി 14 ന് ആണ് മകരവിളക്ക്. തീർഥാടനം പൂർത്തിയാക്കി ജനുവരി 20 ന് നട അടയ്ക്കും.

*(പി.ആർ. ശബരി-17)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 16 | 2018 |



## ശബരിമല പത്രക്കുറിപ്പ്–5

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### ശബരിമലയിൽ സമാധാനപരമായ തീർഥാടനമാണ് ലക്ഷ്യം – മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ശബരിമലയിൽ മണ്ഡലമകരവിളക്ക് തീർഥാടനം സമാധാനപരമായ രീതിയിൽ നടത്തുകയാണ് സർക്കാർ ലക്ഷ്യമെന്ന് ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. നിലയ്ക്കലിൽ കെഎസ്ആർടിസി ചെയിൻ സർവീസിന്റേയും ടിക്കറ്റ് വെന്റിംഗ് മെഷീന്റെയും ഉദ്ഘാടനം നിർവഹിച്ച ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി. വിശ്വാസത്തിന്റെ പേരിൽ കലാപം ലക്ഷ്യമിടുന്ന ചിലരാണ് ശബരിമലയെ കലുഷിതമാക്കുന്നത്. തികച്ചും രാഷ്ട്രീയപ്രേരിതമായ ഇത്തരം നീക്കങ്ങളെ ജനങ്ങൾ തിരിച്ചറിയും. ഭക്തർക്ക് സുഖകരമായ ദർശനത്തിന് സംസ്ഥാന സർക്കാർ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ശബരിമല തീർഥാടനത്തിന്റെ ബേസ് ക്യാമ്പായ നിലയ്ക്കലിൽ വിരി വയ്ക്കുന്നതിനും കുടിവെള്ളത്തിനും മറ്റ് പ്രാഥമികാവശ്യത്തിനും മറ്റുമുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി രണ്ട് ലക്ഷം തീർഥാടകർക്ക് ഒരേ സമയം വെള്ളം നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പമ്പയിലും നിലയ്ക്കലും സന്നിധാനത്തും ആരോഗ്യ വകുപ്പിന്റെ സേവനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പോലീസിന്റെ വിന്യാസം പൂർത്തിയായി. നിലയ്ക്കൽ നിന്നും പമ്പയിലേക്ക് കെഎസ്ആർടിസി ആവശ്യാനുസരണം സർവീസുകൾ നടത്തും. മാധ്യമ പ്രവർത്തകരുടെ സുരക്ഷ കണക്കിലെടുത്താണ് സർക്കാർ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് മാധ്യമ നിയന്ത്രണമല്ല. പ്രളയദുരന്തത്തിന് ശേഷമാണ് തീർഥാടനം ആരംഭിച്ചിട്ടുള്ളത്. ഭക്തരുടെ വിശ്വാസം തകർക്കുന്നതിന് സർക്കാർ കൂട്ടുനിന്നിട്ടില്ല. 1991ൽ ശബരിമലയിൽ സ്ത്രീപ്രവേശനം ഹൈക്കോടതി നിരോധിച്ചപ്പോൾ അന്നത്തെ നയനാർ സർക്കാർ അത് നടപ്പാക്കുകയാണ് ചെയ്തത്. ഈ വിധിക്കെതിരെ അപ്പീൽ നൽകുകയോ സ്ത്രീകളെ ശബരിമലയിൽ കയറ്റാൻ പദ്ധതി തയാറാക്കുകയോ ചെയ്തിട്ടില്ല. ഇത് പരിഗണിക്കാതെയാണ് ചില രാഷ്ട്രീയക്കാർ ശബരിമലയിൽ സ്ത്രീകളെ കയറ്റാൻ ഇടതുപക്ഷ സർക്കാർ ശ്രമം നടത്തുന്നു എന്ന് പ്രചരിപ്പിക്കുന്നത് എന്നും മന്ത്രി പറഞ്ഞു. നിലയ്ക്കൽ–പമ്പ ചെയിൻ

സർവീസിന്റെ ഫ്ളാഗ് ഓഫ് ദേവസ്വംബോർഡ് പ്രസിഡന്റ് എ.പത്മകുമാർ നിർവഹിച്ചു.

ദേവസ്വം ബോർഡ് മെമ്പർ കെ.പി.ശങ്കരദാസ്, കെഎസ്ആർടിസി എംഡി ടോമിൻ ജെ.തച്ചങ്കരി, പത്തനംതിട്ട ആർടിഒ റോയി ജേക്കബ്, സോണൽ ട്രാഫിക് ഓഫിസർ ഡി.ബാലമുരളി, എക്സിക്യൂട്ടീവ് ഡയറക്ടർ ജി.അനിൽ കുമാർ, എൻ.ബി.രവി തുടങ്ങിയവർ പങ്കെടുത്തു. ***(പി.ആർ. ശബരി-18)***

## അപകടരഹിത തീർഥാടനം സേഫ്സോണിന്റെ ലക്ഷ്യം – മന്ത്രി എ.കെ.ശശീന്ദ്രൻ

ഒരു വാഹനാപകടം പോലുമില്ലാതെ തീർഥാടന കാലം പൂർത്തിയാക്കുകയാണ് മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ശബരിമല സേഫ്സോൺ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് ഗതാഗതമന്ത്രി എ.കെ.ശശീന്ദ്രൻ പറഞ്ഞു. ഇലവുങ്കലിൽ സേഫ്സോൺ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. 400 കിലോമീറ്റർ വരുന്ന ശബരിമല പാതയിൽ 24 മണിക്കൂറും സേവന സന്നദ്ധരായിട്ടുള്ള ജീവനക്കാരുടെയും മോട്ടോർ വാഹന നിർമാതാക്കളുടെയും സേവനമാണ് ലഭ്യമാക്കുന്നത്. 2014 മുതൽ ആരംഭിച്ച ഈ പദ്ധതിക്ക് വലിയ ജനപിന്തുണയാണ് ലഭിച്ചിട്ടുള്ളത്. സേഫ്സോൺ പദ്ധതിയിലൂടെ തീർഥാടന കാലയളവിൽ വാഹനാപകടങ്ങൾ ഏറെ കുറയ്ക്കുവാൻ കഴിഞ്ഞു. ശബരിമലയിലെ സേഫ്സോൺ പദ്ധതി മാതൃകയാക്കി ഉടൻ സംസ്ഥാനത്ത് സേഫ്കേരള പദ്ധതി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

പി.സി.ജോർജ് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ട്രാൻസ്പോർട്ട് കമ്മീഷണർ കെ.പത്മകുമാർ, ഗതാഗത സെക്രട്ടറി കെ.ആർ.ജ്യോതിലാൽ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ രാജൻ വെട്ടിക്കൽ, ഉഷാകുമാരി രാധാകൃഷ്ണൻ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ സുരേഷ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

സേഫ്സോൺ പദ്ധതി പ്രകാരം 2019 ജനുവരി 20 വരെ സേഫ്സോൺ മേഖലയായ ശബരിമല പാതകളിൽ 24 മണിക്കൂറും പട്രോളിംഗ് നടത്തി അപകടരഹിതമായ ഒരു തീർത്ഥാടനം ഉറപ്പുവരുത്തും. ഇതിലേക്കായി പത്തനംതിട്ട-പമ്പ, പമ്പ- എരുമേലി, കൊരട്ടി- 26-ാം മൈൽ, എരുമേലി- പുലിക്കുന്ന് മുണ്ടക്കയം, എരുമേലി-വിഴിക്കിതോട്, കോട്ടയം-കുമളി, സത്രം-വണ്ടിപെരിയാർ, കട്ടപ്പന- കമ്പംമേട്, കട്ടപ്പന- കുട്ടിക്കാനം, കട്ടപ്പന- കുമളി എന്നിവിടങ്ങളിലായി 15 പട്രോളിംഗ് ടീമുകളെ വിന്യസിക്കും. ഇലവുങ്കലിൽ മെയിൻ കൺട്രോളിംഗ് ഓഫീസും എരുമേലി, കുട്ടിക്കാനം എന്നിവിടങ്ങളിൽ സബ് കൺട്രോളിംഗ് ഓഫീസുകളും പ്രവർത്തിക്കും. 400 കിലോമീറ്ററോളം വരുന്ന സേഫ്സോൺ പാതകളിൽ ഹെൽപ്പ് ലൈൻ നമ്പരോട് കൂടിയ 350 ഓളം ദിശാസൂചക ബോർഡുകളും ട്രാഫിക് മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ബ്രേക്ക് ഡൗൺ അസിസ്റ്റൻസ്, റിക്കവറി വാഹനങ്ങളുടെ സേവനം, ആംബുലൻസ് സർവീസ് എന്നിവ 24 മണിക്കൂറും ലഭ്യമാണ്. ലൈലാന്റ്, റ്റാറ്റാ, മാരുതി, ഫോഴ്സ്, ഫോർഡ്, ടൊയോട്ട, മഹീന്ദ്ര തുടങ്ങിയ 25 ഓളം മോട്ടോർ വാഹന കമ്പനികളുടെ ഇരുന്നൂറോളം മെക്കാനിക്കുകളെ മതിയായ ബ്രേക്ക് ഡൗൺ വാഹനങ്ങളോടു കൂടി സേവനത്തിനായി ക്രമീകരിച്ചിട്ടുണ്ട്. ഓഫീസിനോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുള്ള രണ്ട് ആംബുലൻസുകൾ ഉപയോഗിച്ച് അപകട സമയങ്ങളിൽ ഉടൻ തന്നെ രക്ഷാപ്രവർത്തനം നടത്തി അപകടങ്ങളിൽപെടുന്നവരെ രക്ഷിക്കുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പട്രോളിംഗ് വാഹനങ്ങളിൽ ജിപിഎസ് സംവിധാനം ഘടിപ്പിച്ച് പട്രോളിംഗ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ സേവനങ്ങൾക്കായി ബന്ധപ്പെടേണ്ട ഹെൽപ്പ്ലൈൻ നമ്പറുകൾ ഇലവുങ്കൽ 9400044991, 9562318181, എരുമേലി-9496367974, കുട്ടിക്കാനം-9446037100. ***(പി.ആർ. ശബരി-19)***

## ശബരിമല: ഇ-ടിക്കറ്റിന്റെ കാലാവധി 48 മണിക്കൂർ മാത്രം

ശബരിമല തീർഥാടകർക്ക് നിലയ്ക്കലിൽ നിന്ന് പമ്പയിലേക്കും തിരിച്ചുമുള്ള ഇ-ടിക്കറ്റുകളുടെ കാലാവധി 48 മണിക്കൂർ മാത്രം. നിലയ്ക്കൽ ബേസ് ക്യാമ്പിലെത്തുന്ന തീർഥാടകർക്ക് ഇവിടെ നിന്നും പമ്പയിലേക്കും തിരിച്ചുമുള്ള ഇ-ടിക്കറ്റുകൾ

എടുക്കാവുന്നതാണ്. നിലയ്ക്കലും പമ്പയിലും വിവിധ സ്ഥലങ്ങളിൽ ടിക്കറ്റ് വെന്റിംഗ് മെഷീനുകളിൽ നിന്നും ടിക്കറ്റുകൾ ലഭിക്കും. നിലയ്ക്കൽ–പമ്പ റൂട്ടിലുള്ള കെഎസ് ആർടിസിയുടെ ചെയിൻ സർവീസുകളിൽ ഇക്കുറി കണ്ടക്ടർമാരില്ല. ഹൈദരാബാദ് ആസ്ഥാനമായുള്ള ഐടി കമ്പനിയാണ് വെന്റിംഗ് മെഷീൻ തയാറാക്കി നൽകിയിട്ടുള്ള ത്. ഇരുനൂറോളം ടിക്കറ്റ് വെന്റിംഗ് മെഷിനുകളാണ് നിലയ്ക്കലിൽ എത്തിച്ചിട്ടുള്ളത്. ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ, പണം എന്നിവ ഉപയോഗിച്ച് ടിക്കറ്റുകൾ വാങ്ങാം.

***(പി.ആർ. ശബരി–20)***

**ഫോട്ടോ അടിക്കുറിപ്പ്**

5) സേഫ് സോൺ പദ്ധതിയുടെ ഉദ്ഘാടനം ഇലവുങ്കലിൽ ഗതാഗതമന്ത്രി എ.കെ.ശശീന്ദ്രൻ നിർവഹിക്കുന്നു.

6) കെഎസ്ആർടിസി ചെയിൻസർവീസുകളുടെ ഉദ്ഘാടനം നിലയ്ക്കലിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു.

7) കെഎസ്ആർടിസി നിലയ്ക്കൽ–പമ്പ ചെയിൻ സർവീസ് ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ നിലയ്ക്കലിൽ ഫ്ളാഗ് ഓഫ് ചെയ്യുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.